# കേരള സർക്കാർ

## സംഗ്രഹം

പൊതുവിദ്യാഭ്യാസം - സാമുവൽ ജോസഫ് ഫിലിപ്പ് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി (സി) നം.29260/2013 (എഫ്) അന്യായത്തിൻ മേലുള്ള വിധിന്യായം തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.................................................................................................................................

## പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്

**സ.ഉ.(സാധാ) നം.1930/14/പൊ.വി        തീയതി, തിരുവനന്തപുരം, 19.05.2014**

.................................................................................................................................

പരാമർശം :
1) സഉ (പി)നം.183/2011/പൊ.വി തീയതി 01.09.2011.
2) ഡബ്ല്യൂ.പി(സി)നം.29260/2013 ന്റെ 12.02.14 -ലെ വിധിന്യായം.
3) ജി.ഒ(പി)നം.46/14/പൊ.വി തീയതി 03.03.14.
4) ജോയിന്റ് കമ്മീഷണർ, പരീക്ഷാ ഭവന്റെ 21.03.14 -ലെ സി ജനറൽ (4)2216/2014/സി.ജി.ഇ നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കൊച്ചി സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം എച്ച്.എസ്.എസിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിയായ സാമുവൽ ജോസഫ് ഫിലിപ്പ്, ടിയാനെ 10- ാം ക്ലാസിലും മലയാളം പഠിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി(സി)നം.29260/2013 (എഫ്) ൻ മേലുള്ള വിധിന്യായത്തിൽ, ടി കുട്ടിയെ 10- ാം ക്ലാസിൽ മലയാളം പഠിക്കുന്നതിൽ നിന്ന് ഒഴിവാക്കികൊണ്ട് ഒരു മാസത്തിനുള്ളിൽ തീരുമാനം കൈകൊള്ളുവാൻ പരീക്ഷാ കമ്മീഷണർക്കും, പൊതു വിദ്യാഭ്യാസ ഡയറക്ടർക്കും നിർ-ദ്ദേശം നൽകിയിരുന്നു.

പരാമർശം 3 പ്രകാരം മാതൃഭാഷ മലയാളമല്ലാത്ത കുട്ടികൾക്ക്, വളരെപ്പെട്ടെന്ന് മലയാളഭാഷ പഠിച്ചെടുക്കുന്നതിന് ബുദ്ധിമുട്ട് നേരിടുമെന്നതിനാലും, 2013-14 -ലെ വാർഷിക പരീക്ഷ തുടങ്ങുന്നതിനുള്ള സമയം അടുത്തെത്തിയിട്ടുള്ള-തിനാലും, ടി വിഭാഗത്തിൽ-പ്പെടുന്ന കുട്ടികളെ , ഒരു സ്പെഷ്യൽ കേസായി പരിഗണിച്ച്, മലയാളം പഠിക്കുന്നതിൽ നിന്ന് ഇളവ് നൽകിയിട്ടുള്ളതിനാൽ 2014-15 അദ്ധ്യയന വർഷം പത്താം ക്ലാസിൽ എത്തുന്ന ഈ വിഭാഗത്തിൽ-പ്പെടുന്ന വിദ്യാർത്ഥികൾക്ക് മലയാള ഭാഷ പഠിക്കുന്നതിൽ നിന്ന് ഇളവു നൽകി സർക്കാർ ഉത്തരവാകണമെന്ന് പരാമർശം 4 പ്രകാരം പരീക്ഷാ ഭവൻ ജോയിന്റ് കമ്മീഷണർ അപേക്ഷിക്കുകയുണ്ടായി.

കൊച്ചി സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം എച്ച്.എസ്.എസിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിയായ സാമുവൽ ജോസഫ് ഫിലിപ്പിന്റെ രക്ഷകർത്താവിന്റ അപേക്ഷയുടെ അടിസ്ഥാനത്തിൽ പരീക്ഷാ ഭവൻ ജോയിന്റ് കമ്മീഷണർ 25.09.09 -ലെ ഉത്തരവ് നം. ഇ.എക്സ്.സി.ജി-4/38465/2009 പ്രകാരം ടി കുട്ടി 5-ാം ക്ലാസുവരെ മലയാളം പഠിച്ചിട്ടില്ലാത്തതിനാൽ ഒന്നാം ഭാഷയുടെ ഭാഗം ഒന്നിൽ അഡീഷണൽ ഇംഗ്ലീഷും ഭാഗം രണ്ടിൽ സ്പെഷ്യൽ ഇംഗ്ലീഷും പഠിക്കുന്നതിന് അനുമതി നൽകുകയുണ്ടായി. അതിനുശേഷം ടി കുട്ടി 9- ാം ക്ലാസു വരെ (2013-14 അദ്ധ്യയന വർഷം) വരെ മലയാളം പഠിച്ചിട്ടില്ല. ഇതിന് ശേഷം സ.ഉ(പി) നം.183/2011/പൊ.വി തീയതി 01.09.2011 ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവിന്റ ഖണ്ഡിക 4-ൽ എല്ലാ വിഭാഗം സ്കൂളുകളിലും പാർട്ട് രണ്ടിൽ സ്പെഷ്യൽ ഇംഗ്ലീഷ് ഘട്ടം ഘട്ടമായി ഒഴിവാക്കുന്നതാണെന്ന് ഉത്തരവാകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 10.05.12 -ൽ പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ ചേംമ്പറിൽ കൂടിയ യോഗതീരുമാന പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ സ.ഉ(പി) നം.183/2011/പൊ.വി നടപ്പിലാക്കുന്ന തിനുള്ള നിർ-ദ്ദേശങ്ങൾ സർക്കുലർ നം.എച്ച്(3)/26324/2011 തീയതി 19.05.12 പ്രകാരം പുറപ്പെടുവിക്കുകയും, പ്രസ്തുത സർക്കുലറിന്റെ ഖണ്ഡിക 6-ൽ മലയാള ഭാഷാ പഠനം 10- ാം ക്ലാസുവരെ നിർബന്ധമാക്കിയിട്ടുള്ളതിനാൽ 2012-13 -ൽ 8- ാം ക്ലാസിലും 2013-14 ൽ 9- ാം ക്ലാസിലും 2014-15 -ൽ 10- ാം ക്ലാസിലും പരീക്ഷ നിർബന്ധമായിരിക്കു-മെന്നും 8, 9, 10 ക്ലാസുകളിലെ സ്പെഷ്യൽ ഇംഗ്ലീഷ് തുടർന്നു വരുന്ന മൂന്ന് വർഷം കൊണ്ട് (അതായത് 12-13, 13-14, 14-15 വർഷങ്ങൾ) നിർത്തലാക്കുമെന്നും അതിന് പകരം മലയാളം പഠിക്കേണ്ടതാണെന്നും നിർ ദ്ദേശിച്ചിരുന്നു.

എന്നാൽ ടി വിദ്യാർത്ഥി (2013-14 വരെ) 9- ാം ക്ലാസു വരെ മലയാളം പഠിച്ചിട്ടില്ലാത്തതിനാൽ തുടർന്നുള്ള ഒരു വർഷം കൊണ്ട് മലയാളം പഠിച്ചെടുക്കുവാൻ ബുദ്ധിമുട്ടുണ്ടാകുമെന്നതിനാലാണ് (2014-15 വർഷം) 10- ാം ക്ലാസിൽ മലയാള പരീക്ഷ നിർബന്ധമായിരിക്കുമെന്നുള്ള സർക്കുലർ നിർ-ദ്ദേശത്തിൽ നിന്നും ഒഴിവാക്കി 10- ാം ക്ലാസിൽ കൂടി ഒന്നാം ഭാഷയുടെ ഭാഗം ഒന്നിൽ അഡീഷണൽ ഇംഗ്ലീഷും ഭാഗം രണ്ടിൽ സ്പെഷ്യൽ ഇംഗ്ലീഷും പഠിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള ഉത്തരവിനായി ബഹു ഹൈക്കോടതിയെ സമീപിച്ചത്.

പരീക്ഷാ ഭവൻ ജോയിന്റ് കമ്മീഷണറുടെ 27.07.09 -ലെ നം. ഇ.എക്സ്/സി.ജി1 (4)/33719/2009/സി.ജി.ഇ സർക്കുലർ പ്രകാരം മറ്റു സംസ്ഥാനങ്ങളിൽ നിന്നോ രാജ്യങ്ങളിൽ നിന്നോ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പ്രവേശനം ലഭിച്ചുവരുന്ന കുട്ടികൾ ഒന്നുമുതൽ നാല് വരെ ക്ലാസുകളിലായി പ്രാദേശിക ഭാഷകളിൽ ഏതെങ്കിലും ഒന്ന് പഠിച്ചിരിക്കേണ്ടതാണ്. അഞ്ച് മുതൽ ഏഴ് വരെ ക്ലാസുകളിലായി ഇപ്രകാരം പ്രവേശനം ലഭിച്ചുവരുന്ന കുട്ടികൾ ആ വർഷം മലയാള ഭാഷ പഠിച്ച് പരീക്ഷ എഴുതേണ്ടതും , പ്രസ്തുത വിഷയത്തിനു ലഭിക്കുന്ന മാർക്ക് പ്രമോഷനെ ബാധിക്കുന്നതല്ലെന്നും, എട്ടു മുതൽ പത്തു വരെ ക്ലാസുകളിലേക്ക് പ്രവേശനം ലഭിച്ചുവരുന്ന ഇത്തരത്തിലുള്ള കുട്ടികൾക്ക് മലയാള ഭാഷ പഠിച്ചെടുക്കുന്നതിന് ബുദ്ധിമുട്ട് നേരിടുമെന്നുള്ളതുകൊണ്ട് ഒന്നാം പേപ്പറിന്റെ പാർട്ട് ഒന്നിലും രണ്ടിലുമായി അഡീഷൽ ഇംഗ്ലീഷും സ്പെഷ്യൽ ഇംഗ്ലീഷും പഠിക്കുവാൻ അനുവാദം നൽകുന്ന പരീക്ഷാ കമ്മീഷണർ പുറപ്പെടുവിച്ച സർക്കുലറിന്റെ ആനുകൂല്യമാണ് സാമുവൽ ജോസഫ് ഫിലിപ്പിന് 9- ാം ക്ലാസു വരെ ലഭിച്ചിരുന്നത്.

9- ാം ക്ലാസു വരെ ടി കുട്ടി മലയാളം പഠിച്ചിട്ടില്ലാത്തതിനാലും, മാതൃഭാഷ ഇംഗ്ലീഷായ സാഹചര്യത്തിലും സാമുവൽ ജോസഫ് ഫിലിപ്പിന് 10- ാം ക്ലാസിൽ മലയാളം ഭാഷ പഠിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുമെന്നുള്ള കാര്യം വ്യക്തമാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻ പ്രകാരം ടി വിദ്യാർത്ഥിയെയും സമാനമായ രീതിയിൽ പ്രതിസന്ധിയിലായവരെയും 2014-15 വർഷം മലയാളം പഠിക്കുന്നതിൽ നിന്നും ഒഴിവാക്കുന്നു. മലയാളം മാതൃഭാഷയായ കുട്ടികൾ മലയാളം തന്നെ പഠിക്കേണ്ടതാണ്. തുടർന്നു വരുന്ന വർഷങ്ങളിൽ 8- ാം ക്ലാസു വരെ മലയാള ഭാഷ പഠിച്ചിട്ടില്ലാത്ത അന്യ സംസ്ഥാനങ്ങളിൽ നിന്നോ, രാജ്യങ്ങളിൽ നിന്നോ സംസ്ഥാനത്തെ സ്കൂളുകളിലേക്ക് വരുന്ന, മാതൃഭാഷ മലയാളമല്ലാത്ത കുട്ടികൾ, 9- ാം ക്ലാസിൽ മലയാളത്തിന്റെ പ്രാഥമിക പാഠങ്ങൾ സ്വായത്തമാക്കി ഭാഷാപ്രാവീണ്യം നേടി, 9- ാം ക്ലാസിലും, 10- ാം ക്ലാസിലും നിർബന്ധമായും മലയാളപരീക്ഷ പാസ്സാകേണ്ടതാണ്. 2015-16 അക്കാദമിക് വർഷം മുതൽ, സ്പെഷ്യൽ ഇംഗ്ലീഷും , അഡീഷണൽ ഇംഗ്ലീഷും , സ്കൂളുകളിൽ നിന്നും ഒഴിവാക്കേണ്ടതാണ്. മലയാള ഭാഷ പഠിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്ക് അടുത്ത മൂന്ന് വർഷത്തേക്ക് ഗ്രേസ് മാർക്ക് നൽകി പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഗ്രേസ് മാർക്ക് നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം, പൊതു വിദ്യാഭ്യാസ ഡയറക്ടറും, പരീക്ഷ കമ്മീഷണറും കൂടിയാലോചിച്ച് തീരുമാനിക്കേണ്ടതാണ്.

ഡബ്ല്യൂ.പി(സി)നം.29260/2013 അന്യായത്തിൻ മേലുള്ള 12.02.14 -ലെ കോടതി വിധി ഇപ്രകാരം തീർപ്പാക്കി ഉത്തരവ് പുറപ്പെവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**കെ,ഷൈലശ്രീ**
**ജോയിന്റ് സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
} പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന

പരീക്ഷാ കമ്മീഷണർ/ സെക്രട്ടറി പരീക്ഷാ ഭവൻ, തിരുവനന്തപുരം.
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം.
ഡയറക്ടർ ഐ.ടി @ സ്കൂൾ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
ഡയറക്ടർ വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്.
സാമുവൽ ജോസഫ് ഫിലിപ്പ്, ഫിലിപ്പ് ജെ. മാത്യൂ മകൻ, മണ്ണ് വിളയിൽ വീട്,
പറക്കോട്
അടൂർ.പി.ഒ, പത്തനംതിട്ട.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ